മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

എൽ.എൽ.ബി കോഴ്സുകൾ - പുനഃപ്രവേശനം - ഒരു ബാച്ചിലേക്ക് അനുവദിച്ച് നൽകിയിട്ടുള്ള സീറ്റുകൾക്ക് ഉപരിയായി വിദ്യാർത്ഥികൾക്ക് പുനഃപ്രവേശനം - അനുവദിച്ച് - ഉത്തരവാകുന്നു.

===

അക്കാദമിക് വിഭാഗം

സ.ഉ.നം.1784/2/2019/അക്കാദമിക് — പി.ഡി.ഹിൽസ്, തീയതി: 03.06.2019

===

സൂചന:- ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാന്റെ 24/10/2018 -ലെ ഇ. മെയിൽ സന്ദേശം.

## ഉത്തരവ്

ത്രിവത്സര, പഞ്ചവത്സര എൽ.എൽ.ബി കോഴ്സുകൾ നടത്താനായി കോളജുകൾക്ക് അംഗീകാരം നൽകിയിട്ടുള്ള സീറ്റുകൾക്ക് ഉപരിയായി, വിദ്യാർത്ഥികൾക്ക് പുനഃപ്രവേശനം അനുവദിക്കുന്നത് സംബന്ധിച്ച് ബി. ഒ. എസ് ഇൻ ലോ (യു. ജി) ചെയർമാന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. ഹാജർ കുറവ് മൂലം പഠനം മുടങ്ങിപ്പോകുന്ന വിദ്യാർത്ഥികൾക്ക്, ടി വിദ്യാർത്ഥി പഠിക്കുന്ന കോളേജിൽ ഒരു ബാച്ചിലേക്ക് അനുവദിച്ച് നൽകിയിട്ടുള്ള സീറ്റിന് ഉപരിയായി പ്രത്യേക സാഹചര്യമെന്ന നിലയ്ക്ക് പുനഃപ്രവേശനം നൽകാവുന്നതാണെന്ന് ചെയർമാൻ ബി. ഒ. എസ് ഇൻ ലോ (യു. ജി) അറിയിക്കുകയുണ്ടായി.

പഠനം മുടങ്ങിപ്പോകുന്ന വിദ്യാർത്ഥികളുടെ തുടർ പഠനത്തെ സംബന്ധിക്കുന്ന ടി വിഷയം വിശദമായി പരിശോധിച്ച ബഹുമാനപ്പെട്ട വൈസ് ചാൻസിലർ ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ലോ (യു. ജി) ചെയർമാന്റെ ടി ശുപാർശ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**രമേഷ് നാരായണൻ**
**അസിസ്റ്റന്റ് രജിസ്ട്രാർ(II) അക്കാദമിക്**
**രജിസ്ട്രാർക്കു വേണ്ടി**

പകർപ്പ്:-

1. വൈസ് ചാൻസിലറുടെ/പ്രൊ വൈസ് ചാൻസിലറുടെ പി.എസ് മാർ
2. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ പി.എ മാർ
3. ചെയർമാൻ (ബി. ഒ. എസ് ഇൻ ലോ (യു. ജി))
4. ജെ.ആർ/ഡി.ആർ/എ.ആർ (പരീക്ഷ/അക്കാദമിക്)
5. ഇ.ഐ. 29/33/37 സെക്ഷനുകൾ
6. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
7. റെക്കോർഡ് സെക്ഷൻ/ഫയൽ കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Sukala

സെക്ഷൻ ഓഫീസർ

ഫയൽ നം.എസി.എ4/എൽ എൽ ബി/റി.അഡ്മിഷൻ/2017